**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1723** **08-10-2021 - ൽ മറുപടിയ്ക്ക്**

**എം.എ. സി.റ്റി. ഉത്തരവായ നഷ്ടപരിഹാര തുക ലഭ്യമാക്കുന്നതിലെ കാലതാമസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. ബസ് ബൈക്കിൽ ഇടിച്ചുണ്ടായ അപകടത്തിൽ പെരുമ്പാവൂർ എം.എ.സി.ടി. ഉത്തരവായ നഷ്ടപരിഹാരത്തുക കെ.വി.പൗലോസ് എന്ന വ്യക്തിക്ക് നൽകുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി മൂലം ഇൻഷ്വറൻസ് ഇല്ലാത്ത ബസ്സുകൾ മൂലമുണ്ടാകുന്ന അപകടങ്ങളിലെ നഷ്ടപരിഹാരത്തുക യഥാസമയം കൊടുത്തു തീർക്കാൻ കഴിയാത്ത സ്ഥിതിയാണ്. എന്നാൽ പൊതുജനത്തിന്റെ ബുദ്ധിമുട്ട് കണക്കിലെടുത്ത് ഏപ്രിൽ മാസം മുതൽ legal service authority-യുമായി ചേർന്ന് ഒരു അദാലത്ത് സംഘടിപ്പിച്ചിട്ടുള്ളതും, കക്ഷിയുടെ പൂർണ്ണസമ്മതത്തോടെ പലിശ രഹിതമായി അവാർഡ് തുക 15 ദിവസത്തിനുള്ളിൽ കക്ഷിയുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള സംവിധാനം നടത്തി വരുന്നു. 30.08.1997-ൽ കെ.എസ്.ആർ.ടി.സി.യുടെ KL-15/2408 നമ്പർ ബസ് TNN-209 എന്ന മോട്ടോർ സൈക്കിളുമായി അപകടത്തിൽപ്പെടുകയും പരിക്കേറ്റ ശ്രീ.കെ.വി.പൗലോസ് പെരുമ്പാവൂർ MACT മുമ്പാകെ OP(MV)1358/1997 നമ്പരായി നഷ്ടപരിഹാര ഹർജി ഫയൽ ചെയ്തിരുന്നു. ബഹു. ട്രിബ്യൂണൽ 20.08.2003 ഉത്തരവിലൂടെ ഹർജിക്കാരന് 90,290 രൂപയും പലിശയും നഷ്ടപരിഹാരമായി അനുവദിച്ചിരുന്നു. ശ്രീ.കെ.വി.പൗലോസിന്റെ കേസും ടി അദാലത്തിൽ പരിഗണിച്ചിരുന്നു. എന്നാൽ അദാലത്തിൽ കോർപ്പറേഷന്റെ നിബന്ധനകൾ ശ്രീ.കെ.വി. പൗലോസിന് സമ്മതമല്ലാത്തതിനാൽ settle ചെയ്യാൻ കഴിഞ്ഞില്ല. |
| (ബി) | പ്രസ്തുത വിഷയത്തിൽ ഗതാഗത വകുപ്പ് മന്ത്രിയുടെ ഓഫീസിൽ നിന്നും 09/09/2021-ന് കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടർക്ക് കൈമാറിയ 312/VIP/2021/M(Trans) നമ്പർ അപേക്ഷയിന്മേൽ നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ; | (ബി) | ശ്രീ. കെ.വി. പൗലോസ്, ബഹു. ഗതാഗത വകുപ്പ് മന്ത്രിക്ക് നൽകിയ നിവേദനവും, ശ്രീ.അൻവർ സാദത്ത് MLA അവർകൾ നൽകിയ കത്തും പരിശോധിക്കുകയുണ്ടായി. പ്രസ്തുത നിവേദനത്തിൽ പരാമർശിക്കുന്ന OP(MV)1358/1997-ാം നമ്പർ കേസ് പലിശ രഹിത വ്യവസ്ഥയിൽ ഒത്തുതീർപ്പിലൂടെ പരിഹരിക്കുന്നതിന് 11.09.2021-ൽ നടന്ന |

| | | | |
|---|---|---|---|
| | | | അദാലത്തിൽ ഉൾക്കൊള്ളിച്ചിരുന്നവെങ്കിലും കോർപ്പറേഷന്റെ വ്യവസ്ഥ, ഉടമസ്ഥനായ ശ്രീ. കെ. വി. പൗലോസിന് അംഗീകരിക്കാൻ കഴിയാത്തതിനാൽ അദാലത്തിൽ തീർപ്പാക്കാൻ സാധിച്ചിട്ടില്ല. പലിശ രഹിത വ്യവസ്ഥയിൽ കേസ് ഒത്തുതീർപ്പാക്കുവാൻ വിധി ഉടമസ്ഥൻ തയാറുള്ളപക്ഷം അടിയന്തിരമായി തുക ലഭ്യമാക്കുന്നതിനുള്ള നടപടി കോർപ്പറേഷൻ കൈക്കൊള്ളുന്നതാണ് എന്ന തരത്തിൽ മറുപടി 29/09/2021-ന് പാർട്ടിക്ക് നൽകിയിട്ടുള്ളതാണ്. |
| (സി) | പെരുമ്പാവൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്ന് പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | ഇല്ല. വിധിത്തുക നൽകുന്നതിന് നടപടിക്രമം സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ